ററി. ചാണ്ടി

# ദിവംഗതനായ ദേശായി

## ഒരു ജീവിതകഥാസംഗ്രഹം

കേവലം ഭാവനാത്മകമായ ലോകത്തിൽ ധ്യാനനിഷ്ഠനായി മാത്രമിരിക്കുകയല്ല മനുഷ്യജീവിതത്തെ മഹത്തരമാക്കുന്നതിനുള്ള മാർഗ്ഗം. ഈ ഉദാത്തമായ കഴിവുകളെ കർമ്മപഥത്തിലൂടെ നയിച്ച് ഓരോ മനുഷ്യനും ലോകത്തെ ആദ്യം ദർശിച്ചതിനേക്കാൾ ഭാസുരമാക്കിത്തീർക്കുവാൻ ജീവിതത്തെ അർപ്പണം ചെയ്യുക എന്നുള്ളതാണ് യഥാർത്ഥത്തിൽ അവന്റെ വ്യക്തിത്വം മഹത്തരമാക്കുന്നതിനുള്ള ഉപാധി. ഈ തത്വം പ്രസംഗിക്കുകയും, അന്തഃകരണത്തിന്റെ പ്രചോദനമനുസരിച്ച് പ്രവർത്തിക്കുക എന്നുള്ള മഹത്തായ ആദർശത്തെ മുൻനിറുത്തി പ്രസ്തുത തത്വത്തെ പ്രയോഗപഥത്തിൽ വരുത്തുവാൻ ശ്രമിക്കുകയും, പരതന്ത്രയായ ഭാരതാംബികയുടെ അടിമത്തച്ചങ്ങലയെ പൊട്ടിച്ചെറിയുവാൻ സ്വജീവിതത്തെ അവളുടെ മുമ്പിൽ കാഴ്ചവയ്ക്കുകയും ചെയ്ത മഹാരഥന്മാരിൽ ഒരാളായിരുന്നു ശ്രീ. ബുലുബായി ദേശായി—ഇന്ത്യയിലെ മികച്ച പ്രതിഭാശാലികളിൽ അഗ്രിമനും തികഞ്ഞ ദേശാഭിമാനിയും നിയമശാസ്ത്ര പാരാവാരത്തിന്റെ മറുകര കണ്ടവനുമായ ഒരഭിഭാഷക പ്രവരനായിരുന്ന ശ്രീ ബുലുബായി. അദ്ദേഹത്തിന്റെ ദേശീയസേവനമാഹാത്മ്യം ഭാരതസ്വാതന്ത്ര്യസമരചരിത്രത്തിന്റെ അവസാന അദ്ധ്യായങ്ങളിൽ തങ്കരേഖകളിൽ എഴുതപ്പെട്ടിരിക്കുന്നു.

സൂററ് ഡിസ്ട്രിക്ടിലുള്ള ബൾസർ എന്ന സ്ഥലം ബർഡോളിയിൽനിന്നും അത്ര ദൂരെയല്ല. ഭാരതമാതാവിന്റെ അരുമസന്താനമായ ശ്രീ ബുലുബായിയുടെ മണിത്തൊട്ടിലായിത്തീരുവാനുള്ള ഭാഗധേയം സിദ്ധിച്ചത് ആ സ്ഥലത്തിനാണ്.

1877 ഒക്ടോബർ 13-ാംതീയതി അദ്ദേഹം ജനിച്ചു. അച്ഛൻ ഒരു ഗവൺമെന്റ് അഭിഭാഷകനായിരുന്നു. മി. ദേശായിയുടെ പ്രാരംഭവിദ്യാഭ്യാസം സ്വദേശത്തുവച്ചുതന്നെയായിരുന്നു നടത്തിയത്. പിന്നീട് ബോംബയിലെ എൽഫിൻസ്റ്റൺ സർവകലാശാലയിൽനിന്ന് ഓണേഴ്സു ബിരുദ് പ്രശസ്തമായവിധത്തിൽ നേടി. അദ്ദേഹത്തിന്റെ വിജ്ഞാനസമ്പാദനസരണി അവിടെ അവസാനിച്ചില്ല. ഐ സി എസ്സ് പരീക്ഷയിൽ ചേരുന്നതിന് ഇംഗ്ലണ്ടിൽപോകുവാൻ ഇന്ത്യാഗവൺമെന്റിന്റെ ഒരു സ്കോളർഷിപ്പ് അദ്ദേഹത്തിനു ലഭിച്ചു. പക്ഷെ അദ്ദേഹത്തിന്റെ വിധിയുടെ ചക്രവാളത്തിന്റെ അപ്പുറത്തു സ്ഥിതി ചെയ്തിരുന്ന ഐ സി എസ്സ് ബിരുദ സമ്പാദിക്കുവാൻ ഗാർഹികമായും മറ്റോ ചില കാര്യങ്ങൾ മാർഗ്ഗതടസ്സമായി ഭവിച്ചു. പിന്നീട് അദ്ദേഹം എം എ ഡിഗ്രി സമ്പാദിച്ചു. ഗുജറാത്ത് കോളജിൽ ചരിത്രവും ധനതത്വശാസ്ത്രവും പഠിപ്പിക്കുന്ന ഒരു പ്രൊഫസ്സറായിട്ടാണ് ആദ്യം അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിച്ചത്. കോളജിലെ ഉദ്യോഗകാലം രണ്ടുകൊല്ലക്കാലത്തേക്കേയുണ്ടായിരുന്നുള്ളു. ഇതിനിടയ്ക്കു എൽ എൽ ബി ബിരുദ് സമ്പാദിച്ചുവെന്നുള്ളതു പ്രത്യേകം സ്മരണീയമാണ്. അദ്ദേഹത്തിന്റെ ജന്മവാസനാവിശേഷം, അഭിഭാഷകവൃത്തിയിലേക്കായിരുന്നു തന്നെ തള്ളിനീക്കിക്കൊണ്ടിരുന്നത്. അല്പകാലത്തിനുള്ളിൽ ബോംബയിലെ അഭിഭാഷകന്മാരിൽ അദ്വിതീയനായി അദ്ദേഹം ശോഭിച്ചു. 1926—ൽ ബോംബയിലെ അഡ്വൊക്കേററ് ജനറാളായിത്തീരുന്നതിനുള്ള ഭാഗധേയം സിദ്ധിച്ചു. ഇതിനിടയ്ക്കു അധികമൂല്യമുള്ള അനേകം ഗവൺമെന്റുദ്യോഗങ്ങൾ അദ്ദേഹത്തിനു വച്ചുനീട്ടി. പക്ഷെ അതെല്ലാം നിരസിച്ചു. ന്യായാധിപനായോ എക്സിക്യൂട്ടീവ് കൗൺസിലറായോ തീരുന്നതു മി. ദേശായിയുടെ ദൃഷ്ടിയിൽ അത്ര കാമ്യമായിരുന്നില്ല. ഒന്നാംതരം ഒരു ഉൽപ്പതിഷ്ണുവായി രാഷ്ട്രീയലോകത്തിൽ അദ്ദേഹം കാലുകുത്തി. അക്കാലത്താണ് ഗാന്ധിജിയും സർദാർ പട്ടേലുമായി പരിചയപ്പെടുന്നതിനിടയായത്. 1930—ൽ അദ്ദേഹം നിയമാനുസരണം കോൺഗ്രസ്സിൽ ചേർന്നു. എന്നാൽ 1928—ൽ ബർഡോളി സത്യാഗ്രഹ കാലത്ത് അദ്ദേഹം കർഷകർക്കുവേണ്ടി ചെയ്തിട്ടുള്ള സേവനം സുപ്രസിദ്ധമാണ്. 1932—ലെ ലോകപ്രസിദ്ധമായ നിയമലംഘന പ്രസ്ഥാനത്തിൽ ചേർന്നതിനാൽ അദ്ദേഹത്തിനു ബ്രി. ഗവൺമെന്റ് നൽകിയ ശിക്ഷ ഒരു കൊല്ലത്തെ തടവും 10000 രൂപ പിഴയുമായിരുന്നു. പക്ഷെ തടവുകാലവധി തീരുന്നതിനു മുമ്പായി രോഗിയായിത്തീർന്നതിനാൽ അദ്ദേഹത്തെ മോചിപ്പിക്കുകയാണുണ്ടായത്.

നിയമസഭകളിൽ വീണ്ടും പ്രവേശിക്കണമെന്നു കോൺഗ്രസ്സ് നിശ്ചയിച്ചപ്പോൾ മി. ദേശായി കേന്ദ്രനിയമസഭാ സാമാജികനായി തെരഞ്ഞെടുക്കപ്പെട്ടു.

പ്രതിഭാശാലിയായ അദ്ദേഹം കോൺഗ്രസ്സ് പാർട്ടിയുടെ നേതാവായി തെരഞ്ഞെടുക്കപ്പെടത്തക്കവണ്ണം അദ്ദേഹത്തിന്റെ വാഗ്മിത്വവും, വാദപടുത്വവും സഹവർത്തികൾക്ക് വിശ്വാസയോഗ്യമായിരുന്നു. വിശ്വവിഖ്യാതനായ പണ്ഡിതമോട്ടിലാൽ നെഹ്റുവിന്റെ നേതൃത്വത്തിലുണ്ടായിരുന്ന നിയമസഭാ കോൺഗ്രസ്സ് പാർട്ടിയുടെ പ്രശസ്തമായ പാരമ്പര്യം നിലനിറുത്തത്തക്കവണ്ണം അദ്ദേഹത്തെ അനുധാവനം ചെയ്ത ഒരു പ്രമുഖനേതാവായിരുന്നു മി. ദേശായി. വികാരവേലിയേററത്തിൽ അചഞ്ചലമായ ഹൃദയസ്ഥിതി പാലിച്ചുകൊണ്ട് ഉദ്ദിഷ്ടലക്ഷ്യത്തിലെത്തുന്നതുവരെയും അടിയുറച്ച ആത്മവിശ്വാസത്തോടുകൂടെ പ്രവർത്തിക്കുവാൻ പ്രാപ്തിയുള്ളവനായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ പ്രഭാഷണപ്രാഗത്ഭ്യം ആരെയും അതിശയിപ്പിക്കുന്നതായിരുന്നു. വിശ്വപ്രസിദ്ധങ്ങളായ അദ്ദേഹത്തിന്റെ പ്രഭാഷണങ്ങൾ [illegible] കേന്ദ്ര അസംബ്ലിയുടെ ചരിത്രത്തിൽനിന്നു മാഞ്ഞുപോകുന്നതല്ല. 1935 മുതൽ 45 വരെയും കോൺഗ്രസ്സ് പാർട്ടി നേതാവായി സേവനമനുഷ്ഠിച്ചു.

മി. ദേശായിയുടെ അഭിഭാഷകപടുത്വത്തിന്റെ തനിരൂപം പ്രകടമായതു ഇന്ത്യൻ ദേശീയസേനയ്ക്കുവേണ്ടി അദ്ദേഹം ചെയ്തിട്ടുള്ള വാദസമരത്തിലായിരുന്നു. ഏകദേശം അമ്പതിനായിരത്തോളം വരുന്ന ഐ എൻ എ ഭടന്മാരുടെ മോചനത്തിനുവേണ്ടി അദ്ദേഹം ചെയ്തിട്ടുള്ള അഭിഭാഷക സേവനം ഇന്ത്യൻ ദേശീയസമരചരിത്രത്തിന്റെ മറെറാരു അദ്ധ്യായത്തിൽ എക്കാലത്തും ശോഭിക്കുന്നതു കാണാം. വിവാദവിഷയത്തിന്റെ വിദൂരപരിസരങ്ങളിൽ ഒളിഞ്ഞുകിടക്കുന്ന യാഥാർത്ഥ്യങ്ങളെപ്പോലും കണ്ടെത്തത്തക്കവണ്ണം അത്ര സൂക്ഷ്മമായ നിയമപാണ്ഡിത്യദൃഷ്ടിയായിരുന്നു അദ്ദേഹത്തിനുണ്ടായിരുന്നത്. ഇക്കഴിഞ്ഞ 4 മാസക്കാലം മി. ദേശായി രോഗബാധിതനായി കിടക്കയെ അവലംബിച്ചിരിക്കുകയായിരുന്നു. ഇന്ത്യയുടെ രാഷ്ട്രീയചരിത്രത്തിൽ അതിപ്രാധാന്യമർഹിക്കുന്ന ഡൽഹി കൂടിയാലോചനകളിലും സിംലാസമ്മേളനത്തിലും യാതൊരു നിയമജ്ഞസമ്രാട്ടിന്റെ അഭാവം അപരിഹാര്യമായ ഒരു കുറവായി ശേഷിച്ചിരിക്കുന്നുവോ ആ മഹാപണ്ഡിതൻ ഇക്കഴിഞ്ഞ ശനിയാഴ്ച രാത്രി ബോംബെയിൽവച്ച് 69-ാമത്തെ വയസ്സിൽ അദ്ദേഹത്തിന്റെ രാജ്യസേവനത്തിനു പൂർണ്ണവിരാമമിട്ടു. ഗാന്ധിജി സർദാർ പട്ടേൽ പണ്ഡിത നെഹ്റു മുതലായവരുടെ എന്നുമാത്രമല്ല ഭാരതത്തിന്റെ സ്വാതന്ത്ര്യസമരം നടത്തുന്ന എല്ലാവരുടെയും നിയമോപദേഷ്ടാവെന്ന നിലയിൽ ശോഭിച്ചിരുന്ന ശ്രീ ദേശായിയുടെ തിരോധാനം അത്യന്തം സന്താപകരമാണെന്നു പറയേണ്ടതില്ലല്ലോ.

---


## പൊൻകുന്നം വർക്കി

| | രൂ. | ണ. |
|---|---|---|
| തിരുമുല്ക്കാഴ്ച | 1 | 12 |
| ആരാമം | 1 | 12 |
| വികാരസദനം [I] | 1 | 8 |
| വികാരസദനം [II] | 1 | 8 |
| പൂജ | 1 | 8 |
| പ്രേമവിപ്ലവം | 1 | 0 |
| അണിയറ | 1 | 0 |
| ഹൃദയനാദം | 1 | 0 |
| നിവേദനം | 1 | 8 |

ഒരുമിച്ചെടുത്താൽ വി. പി. ചെലവ് സൗജന്യം.

**നാഷനൽ ബുക്ക് സ്റ്റാൾ**

**കളരിക്കൽ ബസാർ, കോട്ടയം.**

## അച്ചടിച്ചുതയാറായിരിക്കുന്നു

മനുഷ്യാലയമഹാചന്ദ്രിക [4—ാംപതിപ്പ്]
വ്യാഖ്യാനത്തോടുകൂടിയതു് വില ക.
[വ്യാഖ്യാതാ: ജോൽസ്യൻ കെ. നീലകണ്ഠനാശാരി

[ശ്രീമദ് ഭഗവദ്ഗീത 8-ാംപതിപ്പ്]
ഗൂഢഭാവാർത്ഥ കൗമുദി എന്ന വ്യാഖ്യാനത്തോടുകൂടിയതു്
വില ക. 1—0—0
[വ്യാഖ്യാതാ: ടി. എൻ. നാണപിള്ള ആശാൻ]

ശില്പിരത്നം [3—ാംപതിപ്പ്]
അർത്ഥത്തോടുകൂടിയതു് വില ക. 1—2—0

ഇംഗ്ലീഷ് ഭാഷാസഹായി (ഒന്നാംഭാഗം) വില ക. 0—7—0

ഞങ്ങളുടെ വലിയ കാററലോഗിനാവശ്യപ്പെടുക

എസ്. ററി. റെഡ്യാർ ആൻഡ് സൺസ്

വിദ്യാഭിവർദ്ധിനി മുദ്രാലയം, കൊല്ലം.

Reg. No.
T. 66

# PRASANNA KERALAM

License No. 390
Dated 15-6-1939




ഒരു സിനിമാ നിർമ്മാണശാലയിൽ ചിത്രത്തിന്റെ നായകനായിരിക്കണമെന്നു തീരുമാനിക്കുന്നതു ഒരു പെൺപിറന്നവരാണെന്നൊരു വാർത്ത. എന്തു പെൺപിറന്നവരെന്നല്ലേ? മററുമല്ല, കഥാനായികയുടെ തള്ള, യഥാർത്ഥ ജീവിതത്തിൽ സ്വന്തം മകൾക്കു ഒരു പങ്കാളിയെ തെരഞ്ഞെടുക്കുന്നതിനുള്ള അധികാരം അമ്മമാർക്കുണ്ടെന്നു (പുത്രിമാർ അതു വകവച്ചുകൊടുക്കുന്ന കാലമല്ലെങ്കിലും) നമുക്കു സമ്മതിക്കാം. ഒരു കഥയിൽ മകളുടെ കൂടെ ആരഭിനയിച്ചാലും അമ്മയ്ക്കെന്തുചേതം? കാലേക്കൂട്ടി അതുവല്ലതും നിഷ്കർഷിച്ചിരുന്നെങ്കിൽ പെണ്ണുപോയി സിനിമയിൽ ചാടുമായിരുന്നോ?

ഒരു കാര്യം—കഥയിൽ നായകനാകാൻ പോകുന്ന നടനോടു അമ്മായിഅമ്മയുടെ മുഷ്ക്കുകൂട്ടുസംകൂടി ഈ കന്യകയുടെ അമ്മ ഉദ്ദേശിക്കുന്നെങ്കിൽ എന്റെ പൊന്നുചേട്ടത്തി അതു കുറെ കഷ്ടമാണെന്നുമാത്രം.

സംഗീതമുണ്ടെങ്കിലും മോന്തപോരെന്നു മകൾ പറയുകയാണ്:—

"സിനിമായിലായാലും അല്ലെങ്കിലും കാണാൻ ചന്തമുള്ള ഒരുവനുമായി ഞാൻ സഹകരിക്കുന്നതാണു എനിക്കിഷ്ടം." എന്താ, പോരെ, തള്ളയ്ക്കുചേർന്ന പിള്ള! പക്ഷെ, ചന്തമുള്ള മുഖങ്ങൾ പലതു കാണുമ്പോൾ എന്റെ കുഞ്ഞു ഒന്നുവിട്ടു മറെറാന്നിലേക്കു അതുവിട്ടു വേറൊന്നിലേക്കു തുമ്പിപോലെ ചാടിപ്പറക്കരുതേ!

* * * *

"ഹനുമാൻ" കണ്ടോ? ഇതൊരു ഹനുമാൻ മീശയും താടിയും!

അതു പാടില്ലെന്നു പറയാനാരാണ്? നമ്മളാരും യഥാർത്ഥ ഹനുമാനെ കണ്ടിട്ടില്ലല്ലോ. ലക്ഷ്മണൻ ചേട്ടനായ ശ്രീരാമനെക്കാൾ രണ്ടടി ഉയരക്കൂടുതൽ. സീത എല്ലാംകൊണ്ടും നവീന സീത തന്നെ. പുരാണനായകന്മാരുടെ ശരിയായ രൂപമെല്ലാം ഈ തമിഴ് ഡയറക്ടർമാർക്കു മാത്രമറിയാവൂ.

സീത മേൽമീശവച്ചു വരാഞ്ഞതു കാണികളായ നമ്മുടെ നല്ലകാലം.!

* * *

ത്യാഗരാജനഗറിൽ (മദ്രാസ്) രാത്രി ഒരു സംഭവം. ഒരു സിനിമാതാരത്തെ ആരോ തട്ടിക്കൊണ്ടുപോയെന്നൊരു പോലീസ് റിപ്പോർട്ട്. നേരം വെളുത്തപ്പോൾ അവർ തിരിച്ചുവന്നു എന്നു മറെറാരു റിപ്പോർട്ടും. അങ്ങനെയാണു സിനിമാതാരങ്ങൾ!

* *

ഹോളിവുഡിൽനിന്നു മടങ്ങിവന്ന ഡോക്ടർ സൗന്ദരരാജൻ ആദ്യമായി നിർമ്മിക്കാൻ പോകുന്ന പടമേതാണെന്നു കേട്ടോ? ഇല്ലെങ്കിൽ കേട്ടോളൂ, "ശ്രീഗണേശ".

"എന്റെ ഗണപതിഭഗവാനേ, ഞാൻ ഹോളിവുഡിൽ പോയി സുഖമായി മടങ്ങിവന്നാൽ എന്റെ അച്ഛനാണെ ഞാൻ അവിടുത്തെ പേരിൽ ഒരു ചിത്രം നിർമ്മിച്ചേക്കാം" എന്നു ഇവിടുന്നു പുറപ്പെടുമ്പോൾ തന്നെ വിദ്വാൻ നേർന്നുകാണും. ദൈവത്തിനോടാണെങ്കിലും വാക്കുമാറി പറയുന്നതു ശരിയല്ലല്ലോ. അതുകൊണ്ടു സൗന്ദരരാജൻ "ശ്രീഗണേശ" നിർമ്മിച്ചു അടങ്ങു. ഒരു കൊട്ടത്തേങ്ങാ ഉടച്ചുമലത്തിവയ്ക്കുന്നതാണു ഗണപതിപൂജയെന്നു മൂഢന്മാർ വിശ്വസിക്കുമെങ്കിലും നമ്മുടെ ഡോക്ടർ അതുകൊണ്ടു തൃപ്തിപ്പെടുന്ന കൂട്ടത്തിലല്ല

ടി. ആർ. മഹാലിംഗത്തിനു ബേബി രുഗ്മണിയെ വിവാഹം ചെയ്യണമെന്നു രാഗം. അനുരാഗത്തിനു വിഘ്നം തീരാത്ത ഒഴുക്കു ദൈവം അനുവദിക്കുകയില്ലല്ലോ. രുഗ്മണിയുടെ മാതാപിതാക്കളാണു ഈ അനുരാഗനദിയുടെ ലട്ടവിൽ അണകെട്ടിയിരിക്കുന്നതു.

"ശ്രീ വള്ളി"യിൽ മഹാലിംഗം സുബ്രഹ്മണ്യനും, രുഗ്മണി വള്ളിയും ആണല്ലോ. സുബ്രഹ്മണ്യൻ വള്ളിയെ തട്ടിയെടുക്കാൻ പ്രയോഗിച്ചമായാവിദ്യകൾ മഹാലിംഗം യഥാർത്ഥ ജീവിതത്തിൽ പകർത്തുമോ എന്തോ!

*

പല നടികളും തങ്ങളുടെ സ്വന്തങ്ങളാണെന്നാണു ചില ഡയറക്ടർമാരുടെ ഭാവം. താനില്ലെങ്കിൽ ടി. ആർ. രാജകുമാരി അഭിനയിക്കാൻ വരില്ലെന്നു രാജറാം ഒരു നിർമ്മാതാവിനോടു വാതുകെട്ടിപോലും!

രാജറാം കീജെ!!!

*

വേറൊരു നേരമ്പോക്കു. ഒരു ഡയറക്ടർ ഒരു സിനിമാതാരത്തെ കാറിൽ കയററി സവാരി പുറപ്പെട്ടു. വഴിമദ്ധ്യേ ഡയറക്ടർ നടിയെ പരിരംഭണം ചെയ്തു. വണ്ടിയുടെ സ്റ്റിയറിങ്ങു അയാളുടെ കൈയിൽ നിന്നു പിണങ്ങിമാറി. ദൈവാധീനംകൊണ്ടു അപകടമൊന്നുമുണ്ടായില്ല.

ഡയറക്ടർമാർ ഈശ്വരനിൽ വിശ്വസിക്കുന്നതു വെറുതെയാണോ!

*

"പറനാട്ടയുദ്ധം" എന്ന ചിത്രം ഡയറക്റ്റു ചെയ്യുന്ന മി. രാമബ്രഹ്മന്റെ വീട്ടുമുററത്തു, കാണികൾക്കു യുദ്ധപ്രതീതി ജനിപ്പിക്കുമാറു ചെറിയ കൂടാരങ്ങൾ കാണാം. ഏതെങ്കിലും ഒരു ചിത്രം നിർമ്മിക്കുമ്പോൾ അതിന്റെ ശരിയായ സ്പിരിററ് കിട്ടാൻ ഇങ്ങനെയൊക്കെ വേണമെന്ന പക്ഷക്കാരനാണു രാമബ്രഹ്മൻ.

രാമബ്രഹ്മന്റെ വീട്ടിൽ കയറുവാൻ ഉദ്ദേശിക്കുന്ന പത്രപ്രതിനിധികൾ നല്ലതുപോലെ കരുതി വേണം ഉള്ളിൽ കടക്കാൻ. ഒരുപക്ഷേ രാമബ്രഹ്മൻ അവരെ ശത്രുക്കളായി കരുതി പ്രതിരോധിച്ചേക്കാം!

വാഗ്ദത്തലംഘനത്തിനു കൽക്കട്ടാ മ്യൂസിക്കൽ കോൺഫറൻസിന്റെ ഭാരവാഹികളെ പ്രതിയാക്കി 1,000 രൂപാ നഷ്ടം കിട്ടണമെന്നു കാണിച്ചു ശാന്താ ആപ്തേ ഫയലാക്കിയിരുന്ന കേസ് തള്ളിപ്പോയി.

വാഗ്ദത്തലംഘനത്തിനാണു കേസെങ്കിൽ, എന്റെ പത്രാധിപരുസാറേ, നമ്മുടെയൊക്കെപ്പേരിൽ കേസെത്ര ഇപ്പോൾ ഫയൽചെയ്യേണ്ടിയിരുന്നു. ശാന്താ ആപ്തേയെപ്പററി വല്ലതും പറയുമ്പോൾ, സാറെ, സൂക്ഷിച്ചുകൊള്ളണം. കുഞ്ഞുകുട്ടിപ്രാരാബ്ധക്കാരനായ സർ പതിനായിരം രൂപായ്ക്കു എന്തുചെയ്യും?


## ഓറിയന്റ് സെൻട്രൽ ബാങ്ക് ക്ലിപ്തം

### ഹെഡ് ഓഫീസ് കോട്ടയം

ബ്രാഞ്ചുകൾ:-കോട്ടയം, കോതമംഗലം, കുമരകം, പാലാ, പിറവം, ഈരാററുപേട്ട.

### ഡയറക്ടറന്മാർ

1. പി. കെ. കുര്യൻ അവർകൾ ബി. എ. എൽ. എൽ. ബി. അഡ്വക്കേററ്, കോട്ടയം. (Chairman)
2. റവ്. ജേക്കബ് പുന്നൻ അവർകൾ ബി.എ., തേറത്താനം, കോട്ടയം
3. പായത്തു ഇ. രാമൻമേനോൻ അവർകൾ ലാൻഡ് ലോർഡ്, പറവൂർ.
4. കെ. ജെ. ചാണ്ടി അവർകൾ ലാൻഡ് ലോർഡ്, കുട്ടിപ്പറമ്പിൽ, വൈക്കം.
5. കെ. ഐ. വർക്കി അവർകൾ പ്ലാന്റർ, കരിമ്പനാൽ, കാഞ്ഞിരപ്പള്ളി.
6. എം. സെയ്തുമുഹമ്മതു റാവുത്തർ അവർകൾ ലാൻഡ് ലോർഡ്, മടത്തിൽ കാഞ്ഞിരപ്പള്ളി.
7. ജോസ്സ് കള്ളിവയലിൽ അവർകൾ പ്ലാന്റർ, പാലാ.
8. ഹോർമിസ്സ് തരകൻ അവർകൾ അയ്യനാട്ടു പാറയിൽ, തെക്കാട്ടുശ്ശേരി.
9. കെ. പി. മത്തായി അവർകൾ എം. എ. എൽ. എൽ. ബി. (മാനേജിംഗ് ഡയറക്ടർ.)

ഈ ബാങ്കിന്റെ ഒരു ശാഖ എരുമേലിൽ 1946 ഏപ്രിൽ 27-ാംതീയതി ശനിയാഴ്ച തുറന്നു പ്രവർത്തനം ആരംഭിച്ചിരിക്കുന്നു എന്നുള്ള വിവരം പൊതുജനങ്ങളെ അറിയിച്ചുകൊള്ളുന്നു. ബാങ്കിംഗ് സംബന്ധമായ എല്ലാ ഇടപാടുകളും സംതൃപ്തിപ്രദമായ രീതിയിൽ നടത്തിക്കൊടുക്കുന്നതാണ്.

കെ. പി. മത്തായി, മാനേജിംഗ് ഡയറക്ടർ.

സി. ജോസഫ് കുട്ടിപ്പുറത്തിൽ സെക്രട്ടറി.

കോട്ടയം, 27—4—46.



## മലയായിൽ

പ്രസന്നകേരളം ആഴ്ചപ്പതിപ്പിന്റെ മലയായിലെ സോൾ ഏജന്റായി മി. എസ. ജി മാർട്ടിനെ (11 1/2 mile stone, 115–9 wood land Road, Singapore) നിയമിച്ചിരിക്കുന്നു.

മാനേജർ.



## ഡീലേഴ്സ് ബാങ്ക്

### കോട്ടയം

സ്വർണ്ണം, അംഗീകൃതങ്ങളായ കച്ചവടച്ചരക്കുകൾ മുതലായവയുടെ ഈടിന്മേൽ പണം കടം കൊടുക്കുക,

ഫിക്സഡ്, കറന്റ്, സേവിങ്ങ്സ് ഡിപ്പോസിററുകൾ സ്വീകരിക്കുക,

മുതലായ എല്ലാവിധ ബാങ്കിങ്ങ് ഇടപാടുകളും മിതമായ നിരക്കിൽ നടത്തപ്പെടുന്നതാണ്.

V, C LUKOSE, VETTL,
SOLE PROPR'OR.


Printed and published by Anjiliparampil paran at the Geo printinq works, Kottaya